(ബി) ഈ പദ്ധതി പൂർത്തിയാകുന്നതോടെ മൂർക്കനാടിനും സമീപ വില്ലേജുകളിലേക്കും കുടിവെള്ളം വിതരണം ചെയ്യാൻ സാധിക്കുന്നതാണ്.

(സി) 1-ാംഘട്ടം—മൂർക്കനാട് വില്ലേജ് പദ്ധതിയിൽ 380 എച്ച്.പി. പമ്പ്സെറ്റ് 2 എണ്ണം, ക്ലിയർ വാട്ടർ പമ്പ്സെറ്റ് 17.5 എച്ച്.പി. 2 എണ്ണം, 57.20 കി.മീ. വിതരണ ശൃംഖല എന്നിവ സ്ഥാപിക്കാനുണ്ട്. 5.81 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല സംഭരണി നിർമ്മിക്കേണ്ടതായിട്ടുണ്ട്.

2-ാം ഘട്ടം —കുറുവ വില്ലേജ് പദ്ധതിക്കായി 5040 മീറ്റർ, 450 എം.എം. സ്റ്റീൽ പൈപ്പും 4116 മീറ്റർ 450 എം.എം.സി.ഐ. പമ്പിംഗ് മെയിനും സ്ഥാപിക്കേണ്ടതുണ്ട്. ക്ലിയർ വാട്ടർ പമ്പ്സെറ്റ് 340 എച്ച്.പി. രണ്ടെണ്ണം, 5.10 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല സംഭരണി, 15.10 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല സംഭരണി എന്നിവ നിർമ്മിക്കേണ്ടതായിട്ടുണ്ട്. 77.337 കി. മീ. വിതരണ ശൃംഖല സ്ഥാപിക്കാനുണ്ട്.

3-ാം ഘട്ടം —പുഴക്കാട്ടിരി-വടക്കാങ്ങര വില്ലേജ് പദ്ധതിക്കായി 59.125 കി. മീ. വിതരണ ശൃഖല സ്ഥാപിക്കേണ്ടതുണ്ട്.

4-ാം ഘട്ടം —കൂട്ടിലങ്ങാടി വില്ലേജ് പദ്ധതിക്കായി 13.99 ലക്ഷം ലിറ്റർ ശേഷിയുള്ള സംഭരണിയും 11150 മീറ്റർ 350 എം.എം.സി.ഐ. ഗ്രാവിറ്റി മെയിനും സ്ഥാപിക്കേണ്ടതുണ്ട്. 35.38 കി. മീ. വിതരണ ശൃംഖലയും സ്ഥാപിക്കേണ്ടതുണ്ട്.

5-ാം ഘട്ടം —മങ്കട വില്ലേജ് പദ്ധതിക്കായി 31.34 കി. മീ. വിതരണ ശൃഖല സ്ഥാപിക്കേണ്ടതുണ്ട്.

(ഡി) 2007 ഡിസംബർ അവസാനത്തോടെ ഉദ്ഘാടനം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

ശുദ്ധജല വിതരണ പദ്ധതികളുടെ കൺസൾട്ടൻസികൾ

76 [1906] *ശ്രീ. കെ. പി. രാജേന്ദ്രൻ:*

,, *മാങ്കോട് രാധാകൃഷ്ണൻ:*

,, *പി. എസ്. സുപാൽ:*

,, *പി. നാരായണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുദ്ധജലവിതരണത്തിന് വിദേശസഹായത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതികൾക്ക് കൺസൾട്ടൻസികളെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ നിലവിൽ ഏതെല്ലാം കൺസൾട്ടൻസികളുടെ പ്രവർത്തനം തുടരുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ദേശീയ ജല പദ്ധതി, കേരള ഗ്രാമീണ ജലവിതരണ ശുചീകരണ പ്രോജക്ട്, കേരള ജലവിതരണ പ്രോജക്ട്, ജപ്പാൻ കുടിവെള്ള പദ്ധതി എന്നീ പദ്ധതികൾക്ക് കൺസൾട്ടൻസികളെ നിയമിച്ചിട്ടുണ്ടോ;

(സി) ഈ കൺസൾട്ടൻസികളുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; ഈ ഓരോ കൺസൾട്ടൻസികളുടെയും ഫീസ് എത്ര വീതമാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതുവരെയായി വിവിധ പദ്ധതികൾക്കായി ചിലവഴിച്ച വിദേശ സഹായം എത്ര വീതമാണെന്ന് വിശദമാക്കാമോ; ഇതിന്റെ പലിശ എത്ര വീതമാണ്; തിരിച്ചടവ് സംബന്ധിച്ചുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ്;

(ഇ) പൊതുമേഖല സ്ഥാപനമായ കേരള വാട്ടർ അതോറിറ്റിയുടെ ദൈനംദിന പ്രവർത്തനങ്ങളിൽ ഉപദേശം-നിർദ്ദേശം നൽകുന്നതിന് ഏതെങ്കിലും ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) & (ബി) കേരള ഗ്രാമീണ ജലവിതരണ ശുചീകരണ പ്രോജക്ട്, ജപ്പാൻ കുടിവെള്ള പദ്ധതി എന്നീ പദ്ധതികൾക്ക് കൺസൾട്ടൻസികളെ നിയമിച്ചിട്ടുണ്ട്. ജെ.ബി.ഐ.സി. സഹായത്തോടെ നടപ്പിലാക്കുന്ന കേരള വാട്ടർ സപ്ലൈ പ്രോജക്ടിന്റെ നടത്തിപ്പിനുവേണ്ടി ടോക്കിയോ എഞ്ചിനീയറിംഗ് കൺസൾട്ടൻസ് കമ്പനി ലിമിറ്റഡ് ജപ്പാൻ ലീഡ് പാർട്ണർ ആയിട്ടുള്ള TEC കൺസോർഷ്യം എന്ന കൺസൾട്ടന്റിനെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത കൺസൾട്ടന്റ് 1-9-2003 മുതൽ ആരംഭിച്ച് പ്രവർത്തനം തുടർന്നുവരുന്നു.

കേരള ഗ്രാമീണ ജലവിതരണ ശുചീകരണ പ്രോജക്ടുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളുടെ പഠനത്തിനും എഞ്ചിനീയറിംഗ് സഹായത്തിനുമായി റൈറ്റ്സ്, സെന്റർ ഫോർ എൻവിയോൺമെന്റ് ആന്റ് ഡവലപ്പ്മെന്റ് (തിരുവനന്തപുരം), സെന്റർ ഫോർ സസ്റ്റെനബിലിറ്റി ഡവലപ്പ്മെന്റ് (മലപ്പുറം), റൂറൽ ടെക്നോളജി സെന്റർ, സെന്റർ ഫോർ സോഷ്യൽ ആന്റ് എൻവിയോൺമെന്റൽ കെയർ (തിരുവനന്തപുരം), നാഷണൽ ജിയോഫിസിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ഹൈദരാബാദ്), മഹീന്ദ്ര ഏക്കേഴ്സ് (ചെന്നൈ), സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ (തിരുവനന്തപുരം), പ്ലാനറ്റ് കേരള (തിരുവനന്തപുരം) ഡാറ്റാമേഷൻ (ന്യൂഡൽഹി) എന്നീ കൺസൾട്ടൻസികൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. ഓരോ കൺസൾട്ടൻസികളുടെയും ഫീസ് താഴെ കൊടുക്കുന്നു.

IEC കൺസോർഷ്യം (KWA നൽകേണ്ട നികുതി കൂടാതെ)	102.03 കോടി രൂപ
റൈറ്റ്സ്	3.25 ലക്ഷം രൂപ
സെന്റർ ഫോർ എൻവിയോൺമെന്റ് ആന്റ് ഡവലപ്പ്മെന്റ് (തിരുവനന്തപുരം)	7.31 ലക്ഷം രൂപ
സെന്റർ ഫോർ സസ്റ്റെനബിലിറ്റി ഡവലപ്പ്മെന്റ് (മലപ്പുറം)	11.02 ലക്ഷം രൂപ
റൂറൽ ടെക്നോളജി സെന്റർ	11.66 ലക്ഷം രൂപ
സെന്റർ ഫോർ സോഷ്യൽ ആന്റ് എൻവിയോൺമെന്റൽ കെയർ (തിരുവനന്തപുരം)	26.30 ലക്ഷം രൂപ
നാഷണൽ ജിയോഫിസിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ഹൈദരാബാദ്)	9.45 ലക്ഷം രൂപ
മഹീന്ദ്ര ഏക്കേഴ്സ് (ചെന്നൈ)	10.50 ലക്ഷം രൂപ
സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ (തിരുവനന്തപുരം)	19 ലക്ഷം രൂപ
പ്ലാനറ്റ് കേരള (തിരുവനന്തപുരം)	9.81 ലക്ഷം രൂപ
ഡാറ്റാമേഷൻ (ന്യൂഡൽഹി)	10 ലക്ഷം രൂപ

(ഡി) ജെ. ബി. ഐ. സി. സഹായത്തോടെ നടപ്പിലാക്കുന്ന കേരള വാട്ടർ സപ്ലൈ പ്രോജക്ടിനുവേണ്ടി ഇതുവരെ 20.62 കോടി രൂപ വായ്പയായി ലഭിച്ചിട്ടുണ്ട്. ഇതിന്റെ പലിശ 2.1% ആണ്. എഗ്രിമെന്റ് തീയതി മുതൽ 10 വർഷത്തെ ഗ്രേസ് പീരിയഡിനു ശേഷം 20 വർഷംകൊണ്ട് വായ്പ തിരിച്ചടയ്ക്കണം.

കേരള ഗ്രാമീണ ജലവിതരണ ശുചീകരണ പദ്ധതിക്ക് ഇതുവരെയായി 105.49 കോടി രൂപ ലോകബാങ്ക് സഹായമായി ലഭിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ചുവടെ കൊടുക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

1. ലോക ബാങ്കിന് വായ്പ തിരിച്ചടയ്ക്കുന്നത് കേന്ദ്രസർക്കാരാണ്.

2. വായ്പതുക 2011 ഏപ്രിൽ 1-നും 2035 ഒക്ടോബർ 1-നും ഇടയിൽ അർദ്ധ വാർഷിക ഗഡുക്കളായി ഏപ്രിൽ 1, ഒക്ടോബർ 1 എന്നീ തീയതികളിൽ അടയ്ക്കേണ്ടതാണ്.

3. 2020 ഒക്ടോബർ 1 വരെയുള്ള തവണകളിൽ ആകെ വരിക്കുന്ന വായ്പയുടെ 1.25% വീതവും അതിനുശേഷമുള്ള തവണകളിൽ 2.5% വീതവുമായിരിക്കും തിരിച്ചടയ്ക്കേണ്ടത്.

4. പ്രസ്തുത വായ്പയ്ക്ക് പലിശ ഈടാക്കുന്നില്ല. എന്നാൽ വായ്പയുടെ 0.5% കമ്മിറ്റ്മെന്റ് ചാർജ്ജും 0.75% സർവ്വീസ് ചാർജ്ജും നൽകേണ്ടതാണ്.

5. കമ്മിറ്റ്മെന്റ് ചാർജ്ജും സർവ്വീസ് ചാർജ്ജും ഓരോ വർഷവും ഏപ്രിൽ 1-നും ഒക്ടോബർ 1-നും അർദ്ധവാർഷിക തവണകളായി നൽകേണ്ടതാണ്.

6. സംസ്ഥാന സർക്കാരിന് കേന്ദ്രസർക്കാരിൽ നിന്നും അധിക കേന്ദ്ര സഹായമായി ലഭിക്കുന്ന പ്രസ്തുത സഹായം അതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾക്കനുസരിച്ച് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് തിരിച്ചട യ്ക്കേണ്ടതാണ്.

(ഇ) ചുമതലപ്പെടുത്തിയിട്ടില്ല.

ജപ്പാൻ കുടിവെള്ള പദ്ധതി

77 [1907] *ശ്രീ. ടി. യു. രാധാകൃഷ്ണൻ:*
„ *പ്രയാർ ഗോപാലകൃഷ്ണൻ:*
„ *കെ. മോഹൻകുമാർ:*
„ *വൂഡി ലൂയിസ്:*
„ വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയനുസരിച്ച് വരിക്കുന്ന തുക കൊണ്ട് ഏതെല്ലാം ശുദ്ധജല വിതരണ പദ്ധതികളാണ് ആരംഭിക്കുന്നത്;

(ബി) ഇവയുടെ പണി ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(സി) ഇവയുടെ പണി എന്നത്തേക്ക് പൂർത്തിയാക്കാമെന്നാണ് കരുതുന്നത്;

(ഡി) നിശ്ചിത പരിപാടി പ്രകാരം ഓരോ ഘട്ടത്തിലും ഇവയുടെ പണി പൂർത്തിയാകുന്നുണ്ടോ എന്നുറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

GPM. 2/566/2012—16

LIBRARY ARCHIVES Kerala Legislative Assembly